# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുന്നംകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2013-14

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:..........................................

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

*നം.കെ.എസ്.എ.ടി.എസ്.ആർ.(എം.)1451/15*

*കേരള സംസ്ഥാന ഓഡിറ്റ് (*
*ജില്ലാ ഓഡിറ്റ് കാര്യാലയം,*
*തൃശ്ശൂർ - 680 020.*
*ഫോൺ - 0487 2331249.*
*ഇ മെയിൽ- lfadtcr@gmail.com*
*തീയതി: 17/11/2015*

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മുനിസിപ്പൽ ചെയർമാൻ (സെക്രട്ടറി മുഖേന),

കുന്ദംകുളം മുനിസിപ്പാലിറ്റി.

സർ,

വിഷയം : കുന്ദംകുളം മുനിസിപ്പാലിറ്റി - 2013-14 സാമ്പത്തിക വർഷത്തെ ഓ(

സംബന്ധിച്ച്.

***********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലേ ചട്ടം 18, 1994-ലെ കേരള നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യ മുനിസിപ്പാലിറ്റിയുടെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ ഒ റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്ര ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-5, 2-8, 2-9 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-12, 3-1 44 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം ( ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റ ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബ കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് - പരിശോധനാ രീതിയും ഓഡിറ്റ് സം (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനീയർ ഡെപ്യൂട്ടി ഡയ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹി

2) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി. (ഉപരിപത്രം സഹി

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.ടി.എസ്.ആർ.(എം)1451/15 തിയ്യതി: 17/11/2015

## തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം മുനിസിപ്പാലിറ്റിയുടെ 2013-14 സാ

## ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർ

(1994-ലെ കേരള നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫ 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറ

തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം മുനിസിപ്പാലിറ്റിയുടെ 2013-14 സാമ്പത്തിക വർ വിധേയമാക്കുകയുണ്ടായി. മുനിസിപ്പാലിറ്റി 1.4.2014 മുതൽ 31.3.2015 തിയ്യതി വരെ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.2014 വരെ വിവിധ അക്കൗണ്ടുകളിൽ ന് എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്ക ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണ ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപ പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരി

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും ര വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ക യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.ഡി.വർഗ്ഗീസ് |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.9.2015 മുതൽ 30.9.2015 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.പി.എസ്.സാബു |
| | | ശ്രീ.കുമാർശ്രീ.എം. |
| | | ശ്രീ.പി.വി.ബേബി |
| | | ശ്രീമതി.റീന ജോസഫ് |
| | | കുമാരി.കെ.എം.ഷാജിത |
| | | ശ്രീമതി.ഫെമിന.എ.എ. |
| | | ശ്രീമതി.സുജാത.പി |

# (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| മുനിസിപ്പൽ ചെയർമാൻ | : | ശ്രീ.സുബ്രഹ്മണ്യൻ | 1.4.13 മുതൽ 31 |
| | | ശ്രീമതി.സാറാമ്മ മാത്തപ്പൻ | 01.08.2013 മുതര<br>(ഇൻ ചാർജ്ജ്) |
| | | ശ്രീ.സി.കെ.ഉണ്ണികൃഷ്ണൻ | 2.9.13 മുതൽ 31 |
| സെക്രട്ടറി | : | ശ്രീ.സാജു.സി. | 1.4.13 മുതൽ 2.5 |
| | | ശ്രീ.എസ്.ജയകുമാർ | 2.5.13AN മുതൽ |
| | | ശ്രീ.സി.പി.വിജയൻ | 28.5.13AN മുതര |
| | | ശ്രീ.കെ.എൻ.കൃഷ്ണൻകുട്ടി | 27.6.13 മുതൽ 3 |
| **സ്റ്റാന്റിംഗ് കമ്മിറ്റി** | | | |
| ധനകാര്യം | | ശ്രീമതി.സാറാമ്മ മാത്തപ്പൻ | 1.4.13 മുതൽ 31 |
| വികസനം | | ശ്രീ.ജയസിംഗ് കൃഷ്ണൻ | 1.4.13 മുതൽ 31 |
| ക്ഷേമകാര്യം | | ശ്രീമതി.സ്മിത ജിന്നി | 1.4.13 മുതൽ 31 |
| പൊതുമരാമത്ത് | | ശ്രീമതി.സതി അശോകൻ | 1.4.13 മുതൽ 31 |
| ആരോഗ്യം | | ശ്രീ.കെ.വി.ഗീവർ | 1.4.13 മുതൽ 31 |
| വിദ്യാഭ്യാസം | | ശ്രീ.സി.സി.രാജീവ് | 1.4.13 മുതൽ 31 |
| **(സി) നിർവ്വഹണ ഉദ്യോഗസ്ഥർ** | | | |
| ഉദ്യോഗപ്പേര് | | പേര് | |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | | ഡോ. ഹസീന | 1.4.13 മുതൽ 31 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | | ഡോ.ലതിക.എ.എം. | 1.4.13 മുതൽ 31 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | | ഡോ.ടാജ്പോൾ പനക്കൽ | 1.4.13 മുതൽ 31 |
| വെറ്ററിനറി സർജൻ | | ഡോ.ഷാജൻ ജേക്കബ് | 1.4.13 മുതൽ 31 |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീമതി.ശോഭന.പി.എം. | 1.4.13 മുതൽ 31 |
| പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം | | ശ്രീ.വി.മണികണ്ഠൻ | 1.4.13 മുതൽ 31 |
| കൃഷി ഓഫീസർ | | ശ്രീമതി.നീന കെ.മേനോൻ | 1.4.13 മുതൽ 31 |
| ഹെഡ് മിസ്ട്രെസ് | | ശ്രീമതി.ബേബി ജയശ്രീ | 1.4.13 മുതൽ 31 |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | | ശ്രീമതി.ലളിത.പി.പി. | 1.4.13 മുതൽ 31 |
| ഹെൽത്ത് ഓഫീസർ | | ശ്രീ.കെ.എം.ശശി | 1.4.13 മുതൽ 30 |
| | | ശ്രീ.ടോമി.ടി.അരീക്കൽ | 30.11.13AN മുതര |
| | | ശ്രീമതി.ജയലത.എ. | 30.12.13 മുതൽ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി.കാഞ്ചന | 1.4.13 മുതൽ 31 |
| മുനിസിപ്പൽ എഞ്ചിനീയർ | | ശ്രീ.എസ്.കൃഷ്ണകുമാർ | 1.4.13 മുതൽ 31 |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27.3.13 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അ
സാമ്പത്തിക വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 1254200574/- രൂപയും
ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ
സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓ

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.7.2014 | 7.8.2014 | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് ന

| വർഷം | സർട്ടിഫിക്കറ്റ് |
|---|---|
| 2013-14 | നം.എൽ.എഫ്.ടി(ഇ3)1404/14(എം)(2) വിശേഷണങ്ങളോടു കൂടിയ സാക്ഷ |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹ 112024849.42

വരവ് - ₹ 190283590.00

ആകെ - ₹ 302308439.42

ചെലവ് - ₹ 189211837.00

നീക്കിയിരിപ്പ് - ₹ 113096602.42

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 35307072 | 31418000 | 66725072 | 40312431 |
| വികസനഫണ്ട് എസ്.സി.പി. | 5563610 | 15932000 | 21495610 | 18941436 |
| വികസനഫണ്ട് ടി.എസ്.പി. | --- | --- | --- | --- |
| സംരക്ഷണഗ്രാന്റ് റോഡ് | 8349782 | 15477000 | 23826782 | 21893360 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 6752171 | 8769000 | 15521171 | 8469482 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17063216 | 18057877 | 35121093 | 18912428 |
| ലോകബാങ്ക് ധനസഹായം | 6752773 | --- | 6752773 | 6628308 |
| എം.യു.ഇ.ജി.എസ്. | 1300325 | 1148009 | 2448334 | 756534 |
| ബി ഫണ്ട് | --- | 15481864 | 15481864 | 15481864 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നട ത്ത (എ |
|---|---|---|---|---|---|
| 344 | 202950185 | 290 | 115157445 | --- | 54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരു 11.2% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യ |
|---|---|---|---|
| നികുതി വരവുകൾ | 21672243 | 24504490 | 283224 |
| നികുതിയേതര വരവുകൾ | 14515052 | 15735322 | 122027 |

| | | | |
|---|---|---|---|
| ആകെ | 36187295 | 40239812 | 405251 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോ |
|---|---|---|
| തൊഴിൽരഹിത വേതനം | 43080 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 3295996 | 701 |
| വിധവാപെൻഷൻ | 7037718 | 995 |
| വാർദ്ധക്യകാലപെൻഷൻ | 1078010 | 486 |
| വികലാംഗപെൻഷൻ | 2070373 | 305 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുക രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യ

## 1-10 അഭ്യന്തര നിയന്ത്രണ സംവിധാനം

സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതായ ഇൻക്യുമ്പൻസി മാസ്റ്റർ രജിസ്റ്റർ, ഓഡിറ്റ് റി രജിസ്റ്റർ, ആസ്തി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ സൂക്ഷിച്ചിട്ടില്ല.

വരവിനങ്ങളുടെ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. തൊഴിൽ നി സൂക്ഷിച്ചിട്ടില്ല.

നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾ സ്വീകരിക തീർപ്പാക്കാതെ അവശേഷിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.5.15 മുതൽ<br>10.6.15 വരെ | 2013-14,<br>2014-15 വർഷം |

## 1-12 ഫണ്ട് ഷോർട്ട് ഫാൾ

2011-12 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ ചെലവഴിച്ചിട്ടില്ലാത്തതിനാൽ 2013-14 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ലഭ്യമായ ഫണ്ട് പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ ശ്രദ്ധ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡി

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റി

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണ

## 2-1 തൊഴിൽ നികുതി പരിശോധന -അപാകതകൾ

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഗ്രാ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന ത ഈടാക്കാൻ വിട്ടുപോയ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടത

| സ്ഥാപനം |
| --- |
| എസ്.ബി.റ്റി., കുന്ദംകുളം |
| സൗത്ത് ഇന്ത്യൻ ബാങ്ക് |
| കൊശമറ്റം ഫിനാൻസ് പ്രൈ. ലിമിറ്റഡ് |
| കാണിപ്പയ്യൂർ സർവീസ് സഹകരണ ബാങ്ക് |
| എസ്.ബി.ഐ., ആർത്താറ്റ് |
| തലപ്പിള്ളി താലൂക്ക് ആഭരണ നിർമ്മാണ തൊഴിലാളി കോ.ഓപ്പ് സൊസൈറ്റി |
| തലപ്പിള്ളി താലൂക്ക് പ്രൈമറി കോ.ഓപ്പ്. അഗ്രി. റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് |
| കാത്തലിക് സിറിയൻ ബാങ്ക് |
| മഹീന്ദ്ര & മഹീന്ദ്ര ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ് |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് |
| ഐ.സി.ഐ.സി.ഐ.ബാങ്ക് |
| കേരള ഗ്രാമീൺ ബാങ്ക് |
| സപ്ലൈകോ മാവേലി സ്റ്റോർ |
| സിസ്കോ കുറീസ് ആന്റ് ലോൺസ് ലിമിറ്റഡ് |
| മണപ്പുറം ഫിനാൻസ് ലിമിറ്റഡ് |
| ഇൻഡസ് ലാന്റ് ബാങ്ക് ലിമിറ്റഡ് |
| ആക്സിസ് ബാങ്ക് |
| ഉത്രാടം കുറീസ് |
| ചൊവ്വന്നൂർ കുറീസ് &ലോൺസ് |

| |
|---|
| സ്റ്റാർ ഹെൽത്ത് & അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് |
| ശ്രീ ഗോകുലം ഫിനാൻസ്, വടക്കാഞ്ചേരി റോഡ് |
| ഹെഡ്ജ് ഇക്വിറ്റീസ്, മുക്കണ്ടത്ത് ബിൽഡിംഗ് |
| മുക്കണ്ടത്ത് ഓഡിറ്റോറിയം |
| പി.വി.സി. ഓഡിറ്റോറിയം |
| ധന്യ ട്രാവൽസ് |
| മോഹന്ലോയ് ട്രാവൽ ഏജൻസീസ് |
| ടൂർസ് & ട്രാവൽസ്, സുനിൽകുമാർ |
| സൺബാങ് ഫിനാൻഷ്യൽ എന്ററർപ്രൈസസ് |
| താവൂസ് തിയറ്റർ |
| ഭാഗ്യലക്ഷ്മി ഓഡിറ്റോറിയം, കമ്പനിപ്പടി |
| റോസ് ഓഡിറ്റോറിയം |
| തെക്കേക്കര കല്ല്യാണ മണ്ഡപം |

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 2013-14 സാമ്പത്തിക വർഷത്തെ ഒന്നാം
ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കിയത് രേഖപ്പെടുത്തിയിട്ടില്ല. ച
കൊടുക്കുന്നു.

- ഗവ.ഹോമിയോ ഡിസ്പെൻസറി, ആർത്താറ്റ്
- ജി.എം.ബി.എച്ച്.എസ്.എസ്., കുന്ദംകുളം
- ജി.യു.പി.സ്കൂൾ, വടുതല
- ഗവ.ആയുർവേദ ഡിസ്പെൻസറി
- അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കാണിപ്പയ്യൂർ
- സി.എം.എസ്.എൽ.പി,എസ്., കണിയാമ്പാൽ
- ഗവ.മോഡൽ ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ
- സെന്റ് മേരീസ് ജി.എച്ച്.എസ്., ചൊവ്വന്നൂർ
- ജനസേവന മെഡിക്കൽസ്, കുന്ദംകുളം
- എച്ച്.സി.സി.ജി.യു.പി.സ്കൂൾ, ചിറളയം

രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതു കാരണം ജീവനക്കാർ തൊഴിൽ നിക
പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം ഡിമാ

2. വിക്ടറി ഇന്റർനാഷണൽ & ബാർ, കുന്ദംകുളം, GVHSS for the deaf & Dump, കു
ജീവനക്കാരുടെ 2013-14 വർഷം രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നിക
വിട്ടുപോയ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3. തൊഴിൽ നികുതി റിട്ടേണുകൾ രജിസ്റ്ററിലെ ക്രമ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷ

4. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ

   ജീവനക്കാർ - ₹ 4232084/-

   ട്രേഡേഴ്സ് - ₹ 2229629/-

   സ്ഥാപനം - ₹ 7040/- എന്നിങ്ങനെ വരവുണ്ട്. എന്നാൽ ഡിമാന്റ് ര സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ തൻ ഇനത്തിൽ 189370/- രൂപയും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ പിരിച്ചെടുക്കാൻ അ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 2-2 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

2013 -14 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചത് കാണുന്നു.

1. ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ രൂപ ഓഡിറ്റ് എൻക്വയറി നം. 39/28.9.15പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക ലൈസൻസ് ഫീ നിരക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിലും രജിസ്റ്ററിലും സ്ഥാപനത്തിന്റെ ഉപയോഗിക്കുന്ന സ്ഥലമാണെങ്കിൽ യന്ത്രത്തിന്റെ കുതിരശക്തി എന്നിവ ചേർ
3. അപേക്ഷകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥല പരിശോധനാ റിപ്പ സാക്ഷ്യപത്രങ്ങൾ, സെക്രട്ടറിയുടെ ഒപ്പ് എന്നിവ ഇല്ലാതെയാണ് ലൈസൻസ് അ
4. 2013-14 വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി ആന്റ് ഒ ഇനത്തിൽ ₹ 196957/- വരവുണ്ട്. എന്നാൽ ഡി ആന്റ് ഒ രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി
5. 2013-14 വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി ആന്റ് ഒ ഇനത്തിൽ തൻവർഷ രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ലൈസൻസ് എടുക്കാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി ന നടപടികൾ വിശദമാക്കേണ്ടതാണ്.
6. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും

## 2-3 പാരാമെഡിക്കൽ / ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷ

മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന പാരാമെഡിക്കൽ / ട്യ സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല. വിശദാംശം

പാരാമെഡിക്കൽ

1. മോഡേൺ ഡെന്റൽ ക്ലിനിക്, ഗുരുവായൂർ റോഡ്, കുന്ദംകുളം
2. Dr. കുരുവിളാസ് മെമ്മോറിയൽ ഡെന്റൽ ക്ലിനിക്, ഗുരുവായൂർ റോഡ്, കുന്ദംകു
3. ഹിമാനി മെമ്മോറിയൽ ഹോസ്പിറ്റൽ, ഗുരുവായൂർ റോഡ്,കുന്ദംകുളം
4. ഒറ്റപ്പിലാവ് ഹോസ്പിറ്റൽ, പട്ടാമ്പി റോഡ്, കുന്ദംകുളം
5. മലങ്കര ഹോസ്പിറ്റൽ, അടുപ്പൂട്ടി
6. MOSCMM ഹോസ്പിറ്റൽ, കുന്ദംകുളം
7. മെഡി ലൈഫ് പാരാ മെഡിക്കൽസ് ഇൻസ്റ്റിറ്റ്യൂഷൻ, ഗുരുവായൂർ റോഡ് (KMC X
8. ലോയൽ ഡയഗ്നോസ്റ്റിക്സ് & സി.ടി. സ്കാൻ സെന്റർ (XV/290B)

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

1. Yours College, ടൗൺ ഹാൾ റോഡ്, കുന്ദംകുളം
2. ഇംഗ്ലീഷ് സ്ട്രീറ്റ്, സ്പോക്കൺ ഇംഗ്ലീഷ് & ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ടൗൺ ഹാ
3. കോളേജ് ഓഫ് ഇലക്ട്രോണിക്സ്, (മനോജ്കുമാർ.വി.,അകത്തിയൂർ)
4. ഗ്രാന്റ് കൺസൽട്ടിംഗ്, ഗുരുവായൂർ
5. Eduplus ഇന്റർനാഷണൽ എജുക്കേഷൻ കൺസൽട്ടൻസി
6. ഐ.ടി.ഫാക്ടറി, വടക്കാഞ്ചേരി റോഡ്, കുന്ദംകുളം
7. ഗാലക്സി ട്യൂഷൻ സെന്റർ, കുന്ദംകുളം
8. വിസ്ഡം സൊല്യൂഷൻസ്, ശ്രീ.ശങ്കരാചാര്യ, പി.കെ.ടവർ, ടൗൺ ഹാൾ റോഡ്, കുന്ദം

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ ആയത് രജിസ്റ്ററിൽ രേ മുനിസിപ്പാലിറ്റി പരിധിയിൽ രജിസ്റ്റർ ചെയ്യാതെ / പുതുക്കാതെ പ്രവ സ്വീകരിക്കേണ്ടതാണ്.

## 2-4 വിനോദ നികുതി അപാകതകൾ :

വിനോദ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടിക്കറ്റ് സീലിംഗ് രജിസ്റ്റർ, ഡി.സി.ആർ ഫോമുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കി

2) ഡെയ് ലി കളക്ഷൻ റിപ്പോർട്ട് രജിസ്റ്ററിൽ ആകെത്തുക രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) സർക്കുലർ നം. 9902/RD3/2013/LSGD/14-5-13 പ്രകാരമുള്ള വിനോദ നികുതി സെസ് ഇ

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് വിനോദ നികുതി നിയമം ഒടുക്കാത്തവരിൽ നിന്നും 20-5-13 മുതൽ നിർബന്ധമായും ഈടാക്കുകയും 15-1- ഈടാക്കി കേരള കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫെയർ ഫണ്ട് ബോർഡിലേക്ക് സ്വയം ഭരണ സെക്രട്ടറിയും ചെയർമാനും ഉത്തരവാദികളാണ് എന്നും പറയു

ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് എൻക്വയറി
മറുപടി ലഭ്യമായിട്ടില്ല. അതിനാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും
ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടത

## 2-5 ലേല നടപടികൾ പൂർത്തിയാക്കി നാളുകൾ കഴിഞ്ഞിട്ടും വാടകയ്ക്ക് നൽകാത്തത് :

ഹെർബർട്ട് റോഡ് ഷോപ്പിംഗ് കോംപ്ളക്സ് വാടകയ്ക്ക് നൽകുന്നതിനായി 11-1
തീരുമാന പ്രകാരം കരട് ബൈലോ അംഗീകരിക്കുകയും 2-1-14 ന് മുറികൾ
നിലകളിലായി 21 മുറികൾ ലേലം ചെയ്യുകയും ലേലം കൊണ്ടവർ ഇ.എം.ഡി തുക
എന്നാൽ നാളിതുവരെ മുറികൾ വ്യാപാരത്തിന് സജ്ജമാക്കി നൽകിയിട്ടില്ല. 2
ചോദിക്കുകയും 11-12-2014-ലെ കൗൺസിൽ തീരുമാന പ്രകാരം 8-1-15-ൽ തുക ത
സാഹചര്യത്തിൽ ലേല മുറികൾ പൂർണ്ണമായും വാടകയ്ക്ക് കൈമാറാത്തതിന് വിശ

## 2-6 സർവീസ് ടാക്സ് ഈടാക്കിയിട്ടില്ല :

കുത്തക ലേല ഇനങ്ങളായ ബസ് സ്റ്റാന്റ് ഫീ പിരിവ്, കാർ, ലോറി, ടെമ്പോ പ
ഇനങ്ങൾ ലേലം കൊണ്ടയാൾ സർവീസ് ടാക്സ് ഒടുക്കിയിട്ടില്ല എന്നു കാണുന്നു. ലേല
വ്യവസ്ഥകൾ പ്രകാരവും ലേല തുകയോടൊപ്പം അതിനോടനുബന്ധിച്ചുള്ള എ
കരാറുകാരൻ ബാധ്യസ്ഥനാണ്.

മേൽപ്പറഞ്ഞ 2 ഇനങ്ങളും ലേലത്തിൽ പിടിച്ചത് ജിബിൻ ജോൺസൻ, നടക്കലാര
സർവീസ് ടാക്സ് ഒടുക്കിയിട്ടില്ല എന്നു മാത്രമല്ല, സർവീസ് ടാക്സ് ഈടാക്കുന്നത
ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു.

ബസ് സ്റ്റാന്റ് ഫീ പിരിവിന്റെ ലേല തുകയും മുഴുവനായി അടച്ചിട്ടില്ല.
കരാറിന്റെയും ലംഘനമാണ്. ലേലം വിളിച്ച തുക – 19,30,000/- അടച്ച തുക – 18,13,
രൂപ.

ലേലത്തുക, സർവീസ് ടാക്സ് എന്നിവ അടവാക്കുന്നതിന് നിരുത്തരവാദപരമാ
തുടർ വർഷങ്ങളിൽ ലേലം എടുക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതും അച്ചടക്ക ന
സർവീസ് ടാക്സ് ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ വ്യക്തമാക്ക
കാണിച്ച് എൻക്വയറി നം. 56/5-10-2015 നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.
നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 മാസ്റ്റർ ബോർഡ് സ്ഥാപിക്കൽ - ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ

ഷോപ്പിംഗ് കോംപ്ളക്സുകളുടെ മുകളിൽ മാസ്റ്റർ ബോർഡ് പരസ്യം സ്ഥാപിക്ക
വരവ് വന്ന തുകയും കിട്ടാനുള്ള തുകയും തെറ്റായാണ് രജിസ്റ്ററിൽ ചേർത്തിര
തയ്യാറാക്കിയപ്പോൾ ഇ.എം.ഡി യായി അടച്ച തുകയും കൂടി ചേർത്താണ് ക
അതിനാൽ കിട്ടാനുള്ള തുകയിലും വ്യത്യാസം വന്നു. വിശദാംശങ്ങൾ ചുവടെ ചേർ

| | ഷോപ്പിംഗ് കോംപ്ലക്സ് | ലേലം വിളിച്ച തുക | വരവ് വ |
|---|---|---|---|
| യഥാർത്ഥത്തിലുള്ളത് | എം.ജി ഷോപ്പിംഗ് കോംപ്ലക്സ് | 195000 | 81000 |
| ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് | " | " | 156000 |
| യഥാർത്ഥത്തിലുള്ളത് | ഇ.എം.എസ് ഷോപ്പിംഗ് കോംപ്ലക്സ് | 70000 | 65000 |
| ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് | " | " | 70000 |

ഇപ്രകാരം തെറ്റായ കണക്ക് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കുന നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ തുക ഈടാക്കി ഓഡ

## 2-8 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ - ലേലം കൊണ്ടവരിൽ നിന ഈടാക്കാത്തതിനാൽ വൻ കുടിശ്ശിക :

ഫയൽ നം. 1264/13(2)

ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ വർഷം തോറും ലേലം ചെയ്ത് വരുന്നതിനാ ചാർജ്, വൈദ്യുതി ചാർജ് എന്നിവ ലേലക്കാരനാണ് ഒടുക്കേണ്ടത്. എന്നാൽ 1995 മുത കുടിശ്ശിക 9 ലക്ഷത്തിലധികം തുക അടയ്ക്കാനുള്ളതായി കാണുന്നു. മുൻ വ നിന്നും അവർ വാട്ടർ ചാർജ് അടവാക്കി എന്ന് ഉറപ്പുവരുത്തിയതായോ നിരതദ്ര ചാർജ് ഈടാക്കിയതായോ കാണുന്നില്ല. വർഷം തിരിച്ചുള്ള കുടിശ്ശിക വിവരം ല കൊണ്ടവരിൽ നിന്നും വാട്ടർ ചാർജ് കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിന് ന

## 2-9 വസ്തു നികുതി- അപാകതകൾ

2013-14 സാമ്പത്തികവർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ത

1.2013-14 സാമ്പത്തികവർഷത്തെ വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറ

2.വിമുക്തഭടൻമാരുടെ വീടുകൾക്കുള്ള വസ്തു നികുതി ഇളവ് 2013-14 സാമ്പത്തിക തയ്യാറാക്കിയിട്ടില്ല. 2014-15 ൽ തയ്യാറാക്കിയ രജിസ്റ്ററിൽ കെട്ടിടത്തിന്റെ തറ ജി.ഒ(.എം.എസ്)242/13 dt 2/7/13 പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നു

3.വസ്തുനികുതി നിർണ്ണയ രജിസ്റ്റർ

വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം രേഖപ്പെട നികുതി ഈടാക്കിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഉടമസ്ഥൻ | കെട്ടിടനം | നികുതി | കെട്ടിടത്തിന്റെ തരം | ഏത് അർദ്ധവർഷം മുതൽ | അസസ് ചെയ്ത ഓർഡർ നം/ തീയതി | ഇ ണ |
|---|---|---|---|---|---|---|
| ആനിയമ്മു, ചെറുവത്തൂർ | KMC XIV /215A | 2983/- | ഗാർഹികം | 2012-13 രണ്ടാം അർദ്ധവർഷം | BA-267/ | 201 ര അ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 10-11 DT 6.2.13 | വ |
| വേലായുധൻ,<br>വെള്ളക്കട | KMC XIV /44A | 1557/- | ഗാർഹികം | 2012-13<br>ഒന്നാം അർദ്ധവർഷം | BA-173/<br>09-10 DT 13.8.12 | 20<br>ഒ<br>അ<br>വ<br>മു |
| ബെന്നി,<br>കാക്കശ്ശേരി | KMC XI/195 | 819/- | : | 2012-13<br>ഒന്നാം അർദ്ധവർഷം | BA-484/<br>12-13<br>Dt. 29.9.12 | 20<br>ഒ<br>അ<br>വ<br>മു |
| മണി, തറയിൽ | VI/62A | 2412/- | : | 2013-14<br>II nd | BA-355/<br>10-11 dt 28.3.14 | 20<br>രു<br>അ<br>വ |
| സി.സി.സെൽവിൻ, ചെറുവത്തൂർ | KMCI/419A1 | 75330/- | വാണിജ്യം | 2012-13 ഒന്നാം അർദ്ധവർഷം | BA-480/<br>09-10 dt 18.9.12 | 20<br>ഒ<br>അ<br>വ |

ഇപ്രകാരം വ്യത്യാസം വന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്.

4. സ. ഉ (അ) / 100/2013 തസ്വഭവ. തീ 15.03.2013 ചട്ടങ്ങൾ, ചട്ടം 12(4) ഫോറം 6 ലഭ്യ നികുതി നിർണ്ണയത്തിൽ നല്കിയ ഇളവുകൾ വർദ്ധനവുകൾ എന്നിവ പരിശോധ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല. കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം നിർണ്ണയിച്ചിരിക്കുന്നത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5.വസ്തു നികുതി ഈടാക്കിയിട്ടില്ല

ഓർഡർ നം. BA-425/11-12 dt 26.7.13 പ്രകാരം വസ്തുനികുതി നിർണ്ണയിച്ച വിശ്വനാ സാമ്പത്തികവർഷം മുതൽ നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാൻഡ നമ്പർ തീരുമാനപ്രകാരം (R1-3322/14 dt 22.6.15) വിമുക്ത ഭടൻമാർക്കുള്ള വസ്തു അനുവദിച്ചിട്ടുണ്ട്. 2013-14 സാമ്പത്തികവർഷം ഇവരിൽ നിന്നും വസ്തുനികുതി ലഭ്യമാക്കേണ്ടതാണ്.

## 2-10 തനതു വരുമാനം ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ സൂ

നം.58725/ എഫ്.എം 3. 2008/ ത.സ്വ.ഭ.വ തീയതി 26.05.11 പ്രകാരം തനതു വരു ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നി അക്കൗണ്ടുകൾ നിലനിർത്തരുത്. എന്നാൽ നഗരസഭയുടെ തനതു വരുമാനം ഓ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം | 31.03.14 |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 57019530843 | 10550700.55 |

| | | |
|---|---|---|
| എച്ച്.ഡി.എഫ്.സി. ബാങ്ക് | 5020003284315 | 0 |
| എച്ച്.ഡി.എഫ്.സി. ബാങ്ക് SB A/C | 50100038366122 | 4278800 |

മേൽ പ്രകാരമുള്ള സർക്കാർ നിർദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമ

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റി

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണ

. .

.

## 3-1 ദിവസ വേതനം-അർഹമായതിൽ കൂടുതൽ നൽകിയത്

ജി.ഒ.(പി).204/2011/Fin.dt-2/5/2011 പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ഓപ്പറേറ്റർക്ക് അനുവദിക്കാവുന്ന വേതനം 350/-രൂപയാണ്. എന്നാൽ ജനസേ ഓപ്പറേറ്ററായി ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുന്ന ശ്രീ.സുഗുണൻ. രൂപയ്ക്ക് പകരം 420/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതലായി അനുവദിച്ച തുകയുടെ വിശ

| വൗച്ചർ നം | അനുവദിച്ച തുക | അനുവദിക്കാവുന്നത് |
|---|---|---|
| 8-4/13dt 2-4-13 | 24x420=10080 | 24x350=8400 |
| 14-5/13dt 2-5-13 | 25x420=10500 | 25x350=8750 |
| 4-6/13dt 1-6-13 | 25x420=10500 | 25x350=8750 |
| 23-7/13dt 2-7-13 | 24x420=10080 | 24x350=8400 |
| 5-8/13dt 1-8-13 | 25x420=10500 | 25x350=8750 |
| 6-9/13dt 2-9-13 | 20x420=8400 | 20x350=7000 |
| 11-10/13dt 1-10-13 | 20x420=8400 | 20x350=7000 |
| 9-11/13dt 1-11-13 | 22x420=9240 | 22x350=7700 |
| 5-12/13dt 2-12-13 | 20x420=8400 | 20x350=7000 |
| 6-1/14dt 1-1-14 | 24x420=10080 | 24x350=8400 |
| 4-2/14dt 1-2-14 | 23x420=9660 | 23x350=8050 |
| 4-3/14 dt 1/3/14 | 22x420=9240 | 22x350=7700 |
| | | |

അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 6/22.09.15)

## 3-2 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - അ

സാമൂഹ്യ നീതി വകുപ്പിന്റെ 26.12.12-ലെ സ.ഉ.(എം.എസ്) 76/2012 പ്രകാരം വിധ ധനസഹായം 26.12.12 മുതൽ 10000/- രൂപയിൽ നിന്നും 20000/- രൂപയായി വർദ്ധിപ്പിച്ച് രൂപയാക്കി ഉയർത്തി. കുന്ദംകുളം നഗരസഭയിൽ 2013-14-ൽ വിധവകളുടെ പെൺ അനുവദിക്കുന്നതിനായി ട്രഷറി ബിൽ നം.13/4.10.13 പ്രകാരം 60000/-രൂപ പിൻവ എന്നാൽ പിന്നീട് ഈ ഗുണഭോക്തൃ ലിസ്റ്റിലെ 3 പേർക്ക് 2014-15, 2015-16 സാമ്പത്ത 10000/- രൂപ വീതം വീണ്ടും അനുവദിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| അപേക്ഷക | അപേക്ഷ തീയതി | വിവാഹതീയതി | അനുവദിച്ച തുക | |
|---|---|---|---|---|
| | | | 2014-15 | 201 |
| ലീലാ ജേക്കബ്, തെക്കേക്കര | 12.7.13 | 27.8.12 | 10000/-092542/1/9/14 | 100 |
| തങ്ക.വി.കെ, വട്ടംപറമ്പിൽ | 12.7.13 | 2.9.12 | 10000/-092543/10/9/14 | 100 |
| കൊച്ചന്നം, എഴുപ്പുള്ളി | 14.6.13 | 22.8.11 | 10000/-092541/10/9/14 | 100 |
| | | ആകെ | 30000 | 300 |

അധിക തുക അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും, അധി ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 38/ 28.09.15).

## 3-3 ഹാജരില്ലാത്ത ദിവസങ്ങളിലെ ശമ്പളം അനുവദിച്ചത് -തുക ഈടാക്കേണ്ടതാണ്

കുന്ദംകുളം നഗരസഭ ജനറൽ വിഭാഗത്തിന്റെ ഹാജർ പുസ്തകം പരിശോധി രേഖപ്പെടുത്തിയ താഴെ പറയുന്ന ജീവനക്കാർക്ക് മുഴുവൻ ദിവസത്തേ കാണുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ജീവനക്കാരൻ | തസ്തിക | അനുവദിച്ചത് | | | | അർ |
|---|---|---|---|---|---|---|
| | | Basic pay | DA | HRA | ആകെ | Basic pay |
| അരുൺകുമാർ.വി.സി. | സീനിയർ ക്ലർക്ക് | 18300 | 9699 | 550 | 28549 | 17690 |
| ടി.ടി.രാജൻ | സീനിയർ ക്ലർക്ക് | 13900 | 7367 | 550 | 21817 | 13437 |
| മജീദ്.എ | സീനിയർ ക്ലർക്ക് | 13540 | 7176 | 550 | 21266 | 13089 |
| കെ.എസ്.മാർട്ടിൻ | സീനിയർ ക്ലർക്ക് | 14620 | 7749 | 550HCA-370 | 23289 | 14133 |
| ഷീല എലിസബത്ത് | ടൈപ്പിസ്റ്റ് | 17420 | 9233 | ----- | 26653 | 16840 |
| ഷീജ.കെ.വി. | ടൈപ്പിസ്റ്റ് | 14980 | 7939 | 550 | 23469 | 14481 |
| ഹരികൃഷ്ണൻ.എം.പി | ബിൽ കളക്ടർ | 10210 | 5411 | 390 | 16011 | 9870 |

| | | | | | | |
|---|---|---|---|---|---|---|
| വി.ഡി.ജോസ് | ഡഫേദാർ | 14980 | 8114 | P.P-330TDA-75HRA-550 | 24049 | 14481 |
| രാജു.സി.ടി | ഓഫീസ് അസിസ്റ്റന്റ് | 12550 | 6652 | 550 | 19752 | 12132 |
| കെ.എൻ.സുന്ദരൻ | ഓഫീസ് അസിസ്റ്റന്റ് | 12220 | 6477 | 390 | 19087 | 11813 |
| വിദ്യാരാമചന്ദ്രൻ | ഓഫീസ് അസിസ്റ്റന്റ് | 9940 | 5268 | 390 | 15598 | 9609 |
| രജിത.പി.ആർ | ഓഫീസ് അസിസ്റ്റന്റ് | 9190 | 4871 | 390 | 14451 | 8884 |
| | | | | | | |

മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും അധികമായി അനുവദിച്ച തുക തിരികെ ഈട

(ഓഡിറ്റ് എൻക്വയറി നമ്പർ - 31/ 28.09.15)

## 3-4 അപ്രന്റീസ് ട്രെയിനി - ഉത്സവബത്തയ്ക്ക് അർഹതയില്ല - ( ഈടാക്കേണ്ടതാണ്.

G.O(p) No.430/2013/fin തീ.5/9/13-ലെ ഉത്തരവു പ്രകാരം ഉത്സവ ബത്തയ്ക്ക് അർഹ അപ്രന്റീസ് ട്രെയിനി ഉൾപ്പെടുന്നില്ല. എന്നാൽ വൗച്ചർ നം.12-10/13dt. 1/10/13 പ്ര അപ്രന്റീസ് ട്രെയിനിയായി ജോലി ചെയ്തിരുന്ന ശ്രീമതി.അക്ഷരയ്ക്ക് ഉത്സവബത്ത അനർഹമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി

## 3-5 സ്റ്റാഫ് ക്വാർട്ടേഴ്സ് അനുവദിച്ച ജീവനക്കാരിയുടെ ശമ്പളത്തി ബത്ത കുറവു ചെയ്തിട്ടില്ല.

ഫയൽ നം. R3-4791/15-ൽ 2/7/13-ലെ ഫയൽ കുറിപ്പിൽ ബഹു.ചെയർമാന്റെ സെക്രട്ടറിയുടെ R4(R3)/4791/09 തി.3.7.13 ഉത്തരവു പ്രകാരവും ശ്രീമതി.രജിത.പി.ആ മുതൽ സ്റ്റാഫ് ക്വാർട്ടേഴ്സ് അനുവദിച്ച് നൽകിയിട്ടുണ്ട്. 7/13-ലെ ശമ്പള ബിൽ മുതൽ ഉ കുറവു ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. വിശദാംശം താഴെ ര

| വൌച്ചർ നം | ശമ്പള മാസം | അ |
|---|---|---|
| 11-8/13 dt 1.8.13 | 7/13 | 390 |
| 14-9/13 dt 2.9.13 | 8/13 | 390 |
| 1-10/13 dt 1.10.13 | 9/13 | 390 |
| 20-11/13 dt 1.11.13 | 10/13 | 390 |
| 1-12/13 dt 1.12.13 | 11/13 | 390 |
| 13-1/14 dt 1.1.14 | 12/13 | 390 |
| 1-2/14 dt 1.2.14 | 1/14 | 390 |
| 15-3/14 dt 1.3.14 | 2/14 | 390 |
| | ആകെ | 3120 |

ഇപ്രകാരം വീട്ടുവാടകബത്ത ശമ്പളബില്ലിൽ നിന്നും കുറയ്ക്കാതെ ജീവന എൻക്വയറി നൽകിയതിനെ തുടർന്ന് രസീതി നമ്പർ 11501110008/ 05-10-201 അടവാക്കിയിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തികവർഷത്തിലും, ന അനുവദിച്ചിട്ടുണ്ടെങ്കിൽ വീട്ടുവാടകബത്ത ഇനത്തിൽ അനുവദിച്ച തുക അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 27/ 28.09.15).

## 3-6 എസ്.സി.വിവാഹധനസഹായം - രേഖകൾ ഹാജരാക്കിയിട്ട

2013-14 സാമ്പത്തികവർഷം എസ്.സി. പെൺകുട്ടികളുടെ വിവാഹ ധനസഹായ ബിൽ നം. 6/13-14 dt 30.3.14 പ്രകാരം 150000/- രൂപ പിൻവലിച്ചിട്ടുണ്ട്. ഒരു ഗുണഭേ ഗുണഭോക്താക്കൾക്കുള്ള തുകയാണ് പിൻവലിച്ചിട്ടുള്ളത്. മേൽ ഫയൽ പ ഗുണഭോക്താക്കളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

1.സുബ്രമണ്യൻ.കെ.കെ. (ഷൈമ,കാപ്പിരിക്കുന്നത്ത്,കീഴൂർ) എന്നവർക്ക് പട്ടികജാ
വിവാഹ ധനസഹായം ലഭിച്ചിട്ടില്ല എന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടി

2.വിവാഹ ധനസഹായം കൈപ്പറ്റ് രജിസ്റ്ററിൽ ക്രമ നം.1ആയി 30000/- രൂപ കൈപ്പറ്റി
വടുതല എന്നവരുടെ അപേക്ഷ, അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ എന്നി

മേൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 60000/-തടസ്സപ്പെടുത്തുന്നു.

## 3-7 തെരുവു വിളക്കുകൾ -സംയുക്തപരിശോധന നാളിതു വ

29/11/12-ലെ നഗരസഭയുടെ കൗൺസിൽ യോഗത്തിൽ തെരുവു വി
നടത്തുന്നതിനുള്ള തീരുമാനം എടുക്കുകയും ആയതിന്റെ അടിസ്ഥാന
നടത്തുന്നതിനുള്ള സൗകര്യപ്രദമായ തീയതി അറിയിക്കുന്നതിന് അസി.എഞ്ചിനീ
77/08 നമ്പർ കത്തു പ്രകാരം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാ
സഹായത്താൽ 100 എൽ.ഇ.ഡി.ലൈറ്റുകൾ 100 സോഡിയം വേപ്പർ ലാമ്പിനു പക
ബസാർ സെക്ഷനു കീഴിൽ 44 എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ
അസി.എക്സിക്യൂട്ടീവ്.എഞ്ചിനീയർ, പുന്നയൂർക്കുളത്തിനും 12/7/13 ലെ E3-77/13 കത
അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

നഗരസഭയുടെ കീഴിലുള്ള രണ്ട് കെ.എസ്.ഇ.ബി സെക്ഷനുകളിലും (മേജർ
തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും, 100 സോഡി
സ്ഥാപിച്ചിട്ടുള്ള 100 എൽ.ഇ.ഡി.ലൈറ്റുകളുടെ ചാർജിലുണ്ടാകുന്ന വ്യതിയാനം
ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 ഹാജർ പുസ്തകത്തിൽ ഒപ്പിടാതെയും, അവധി രേഖപ്പെടുത അനുവദിച്ചത്-

റഗുലർ ജീവനക്കാരുടെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ജീവനക്കാർ കൃ
മേലധികാരി ആയവ പരിശോധിച്ച് അർഹമായ ലീവുകൾ രേഖപ്പെടുത്തുകയേ
പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്ത ജീവനക്കാരുടെ വിവരം താഴെ കൊടു

| ജീവനക്കാരൻ | തസ്തിക | ഹാജർ/ ലീവ് രേ |
|---|---|---|
| ടോണി.ടി.അരീക്കൽ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | 21/10/13, 22/10/13, 27/10/13, 28/10/13, 2/11/13, 3/11/13, 4/1 12/12/13, 13/12/13, 18/12/13, 19/12/13, 24/12/13, 26/12/13, 31/12/13 |
| സി.ജെ.ജോസ് | ഡ്രൈവർ | 2/5/13, 3/5/13, 4/5/1 23/12/13, 24/12/13, 30/12/13, 31/12/13 |

| | | |
|---|---|---|
| ബിന്ദുമോൾ.ടി | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | 17/10/13, 18/10/13, |
| പ്രമോദ്.കെ.എസ്. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 | 26/12/13, 27/12/13, |
| സതി.പി.കെ | യു.ഡി.സി | 22/4/13, 23/4/13, 24/ 29/4/13, 30/4/13 |
| അബ്ദുൾ അസീസ് | ലൈബ്രേറിയൻ | 31/12/13 |

ജീവനക്കാരുടെ ക്രെഡിറ്റിൽ ആവശ്യമായ അവധികളുണ്ടെങ്കിൽ ആയവ ക്രമ അനർഹമായി ഈ ദിവസങ്ങളിലേക്ക് അനുവദിച്ച ശമ്പളം തിരികെ സ്വീകരിക്കേണ്ടതാണ്.

## 3-9 രണ്ടു പെൻഷൻ അനുവദിച്ചു

നഗരസഭാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 15/5/13 ൽ അംഗീകരിച്ച വികലാംഗ 2197/11) ശ്രീമതി.ദാക്ഷായണി, വാച്ചേടത്ത് ഹൗസ്, ചെറുവത്താനി എന്നവർക്ക് വ വിതരണ സ്റ്റേറ്റ്മന്റിൽ (ട്രഷറി ബിൽ നം. 20/20.9.13) രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീമ ചെറുവത്താനി (പെൻഷൻ.ഐ.ഡി.102040600632) എന്ന പേരിലാണ് വിധവാ പെൻഷ പെൻഷൻ അപേക്ഷ അംഗീകരിച്ച് (പെൻഷൻ.ഐ.ഡി.102040400327) 5/13മുതൽ 7/13 ട്രഷറി ബിൽ നം. 20/20.9.13 പ്രകാരമുള്ള ലിസ്റ്റിൽ അനുവദിച്ചതായി കാണുന്നു. റ റദ്ദു ചെയ്ത് തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-10 ഒരേ ദിവസം വ്യത്യസ്ത മസ്റ്റർറോൾ പ്രകാരം തൊഴിൽ ചെയ്ത വേതനം കൈപ്പറ്റി

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വൗച്ചർ നം.13-6/12 dt 1.6.12 പ്രകാരം ശ്രീ. രൂപ അഡ്വാൻസ് നൽകിയിരുന്നു. ആയതിന്റെ ബാക്കി തുക 1120/- 03877/11.6.13 തിരിച്ചടവാക്കി, വൗച്ചർ നം.55-8/13 dt 27-8-13 പ്രകാരം അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടു

വൗച്ചർ നം.55-8/13 dt.27-8-13-ലെ അഡ്ജസ്റ്റ്മന്റ് വൗച്ചറുകൾ പരിശോധിച്ചതി നിന്നും മണ്ണും മാലിന്യങ്ങളും കോരി മാറ്റിയതു സംബന്ധിച്ച മസ്റ്റർ റോൾ പ്രകാരം വേതനം അനുവദിച്ചിട്ടുണ്ട്.

| പേര് | അനുവദിച്ച തുക | തൊഴിൽ ചെയ്ത തീയതികൾ |
|---|---|---|
| സുനിൽ | 8x240=1920 | 2012 july10,11,12, 13 ,15 ,16, 17, 18 |
| സജി | 8x240=1920 | 2012 july10,12, 13 ,15 ,16, 17, 18,19 |
| ഷാജി | 8x240=1920 | 2012 july10,11,12, 13 ,15 ,16, 18,19 |
| വിജേഷ്.എം.ജി | 8x240=1920 | 2012 july10,12, 13,14 , 16,17, 18, 19 |
| വിജേഷ്.എം.കെ | 9x240=2160 | 2012 july10,11,12, 13,14, ,16, 17, 18,19 |

ആകെ 9840/- രൂപ ഈയിനത്തിൽ ചെലവു രേഖപ്പെടുത്തിയിട്ടുണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 11/6/13-ൽ മാത്രമാണ്. എന്നാൽ മേൽപ്പറഞ്ഞ തൊ

വേതനാടിസ്ഥാനത്തിൽ സി.എൽ.ആർ ജീവനക്കാരായി സേവനമനുഷ്ഠിക്കുന്നവരു
പ്രകാരം വേതനം കൈപ്പറ്റിയവരുമാണ്, (അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം).

| പേര് | ജോലി ചെയ്ത ദിവസം | തുക |
|---|---|---|
| സുനിൽ | 22x240 | 5280 |
| സജി | 23x240 | 5520 |
| ഷാജി | 29x240 | 6960 |
| വിജേഷ്.എം.ജി | 27x240 | 6480 |
| വിജേഷ്.എം.കെ | 24x240 | 5760 |

ബന്ധപ്പെട്ട വാർഡ് കൗൺസിലർ മേൽപ്പറഞ്ഞ തൊഴിലാളികൾ പ്ര
രേഖപ്പെടുത്തൽ നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക്
സി.എൽ.ആർ ജീവനക്കാരായി ജോലി ചെയ്തതിനു ശേഷം അർദ്ധദിനങ്ങളിൽ തൊ
മറുപടിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് അർദ്ധവേതനത്തിനു മാത്രമേ അർഹത
വേതനം 4920/- രൂപ തുക കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാ
22.09.2015).

## 3-11 കുടിവെള്ള പദ്ധതികൾ- തനതു ഫണ്ടിൽ നിന്നും വൈദ്യു
## (ഫയൽ നം.E3-10642/07)

ബഹു.ത.സ്വ.ഭ.വ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18/8/2012-ലെ 44355/FM3/2012/
പദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുന്നതിന് കാലാവധി ദീർഘിപ്പിക്ക
പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന്" അറിയിച്ചിട്ടുള്ളതും, സംസ്ഥാനതല
3/1/13ലെ യോഗ തീരുമാനപ്രകാരം "കുന്നംകുളം നഗരസഭയിലെ ഗുണഭോക്തൃ
കുടിവെള്ള പദ്ധതികൾക്ക് കുടിശ്ശികയുള്ള വൈദ്യുതി ചാർജ് ഒടുക്കുന്നതിലേ
പിരിച്ചെടുക്കുന്ന തുകയിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് 31.3.1
ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയും " ചെയ്തിട്ടുണ്ട്.

നഗരസഭാ കൗൺസിലിന്റെ 10/4/13 ലെ തീരുമാനപ്രകാരം വിവിധ കുടിവെ
സമിതികളെ അംഗീകരിക്കുകയും, കൗൺസിലിന്റെ 3/8/13-ലെ 3-ാം നമ്പർ തീരു
കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്, പമ്പ് ഹൗസ് അറ്റകുറ്റപ്പണി, ഓപ്പറേറ്റ
നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്.
ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച കുടിവെള്ള പദ്ധതികളുടേത് ഉൾപ്പെടെ
ഫണ്ടിൽ നിന്നും അടവാക്കി വരുന്നു. ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച
ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്തൃസമിതി | കൗൺസിൽ തീരുമാനം | ഫയൽനം |
|---|---|---|
| വാർഡ്21 | 4/10.4.13 | E3-4056/13 |
| കക്കാട് മോസ്ക്കാ കുടിവെള്ള പദ്ധതി വാർഡ്-8 | 5/10.4.13 | E3-5575/13 |
| ശാന്തിനഗർ ഇടഞ്ഞാംകുളം വാർഡ്-20 | 6/10.4.13 | E3-5669/13 |
| അഞ്ഞൂർക്കുന്ന് കുടിവെള്ള പദ്ധതി | 7/10.4.13 | E3-5138/13 |
| വാർഡ്7, 8 | 8/10.4.13 | E3-4305/13 |

| | | |
|---|---|---|
| വൈശ്ശേരി വലിയങ്ങാടി കുടിവെള്ള പദ്ധതി വാർഡ്-5 | 10/10.4.13 | E3-3525/13 |
| ശാന്തിനഗർ, ഗാന്ധിനഗർ കുടിവെള്ള പദ്ധതിവാർഡ്-14 | 12/10.4.13 | E3-5806/13 |
| തിരുത്തിക്കാട് കുടിവെള്ള പദ്ധതി വാർഡ്-3 | 10/10.4.13 | E3-6424/13 |
| അരുവിപ്പാടം കുടിവെള്ള പദ്ധതി | 11/10.4.13 | E3-682013 |

മേൽ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 49(B)പ്രകാരം മേ
ലെ 3-ാംനമ്പർ) നഗരസഭാ സെക്രട്ടറി 12/8/13ലെ 10642/07 കത്തു പ്രകാരം തദ്ദേശ (
സെക്രട്ടറിയ്ക്ക് അയച്ചിട്ടുണ്ട്. ഈ കത്തിന് മറുപടി ലഭിച്ചിട്ടില്ല. മാർഗ്ഗ നിർദ്ദേശ
ഉൾപ്പെടെ ഭീമമായ തുകകൾ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്
ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ച
അടവാക്കി വരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2013-14 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽ
ക്രമീകരിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ജീവനക്കാരൻ | ആവശ്യകത | ചെക്ക് നം |
|---|---|---|
| പി.എ.സതീഷ്, ജെ.എച്ച്.ഐ | റിപ്പബ്ലിക്ക് ദിനാഘോഷ പരിപാടിക്ക് മുൻകൂർ | 068919/20.1.14 |
| പ്രമോദ്.കെ.എസ്, ജെ.എച്ച്.ഐ | മാലിന്യസംസ്ക്കരണ പ്ലാന്റ് ഉദ്ഘാടനം | 436354/26.2.14 |
| എ.രാജേന്ദ്രൻ, റവന്യൂ ഇൻസ്പെക്ടർ | നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് മൈക്ക് അനൗൺസ് മെന്റ്, നോട്ടീസ് വിതരണം | 436446/14.2.14 |

ജി.ഒ.(പി) 419/2011 ധനം 4.10.11 ഉത്തരവു പ്രകാരമുള്ള തുടർ നടപടികൾ സ
മാസത്തിനകം അഡ്ജസ്റ്റ് ചെയ്യാത്ത മേൽ മുൻകൂറുകൾ 18% പലിശയോടു കൂട
അറിയിക്കേണ്ടതാണ്.

## 3-13 ഓണം അഡ്വാൻസ് - തുക തിരികെ ഈടാക്കിയതിന്റെ വ ഹാജരാക്കിയിട്ടില്ല

കണ്ടിജന്റ് ജീവനക്കാർക്കുള്ള ഓണം അഡ്വാൻസ് 340000/- രൂപ വൗ
പിൻവലിക്കുകയും, 34 ജീവനക്കാർക്ക് 10000/- രൂപ വീതം വിതരണം നടത്തിയ
രേഖപ്പെടുത്തിയിട്ടുമുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ ഈ ഇനം ചേർത്തിട്ടില്ല. അ
മാസത്തെ ശമ്പളബില്ലിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. എന്നാൽ കണ്ടിജന്റ് വർക്കറായ
അനുവദിച്ച അഡ്വാൻസ് ശമ്പള ബില്ലിൽ നിന്നും കുറവ് ചെയ്തതായി കാണുന്നത് (
ജനുവരി മാസങ്ങളിൽ മാത്രമാണ്. അഡ്വാൻസ് തിരിച്ചടവ് ആരംഭിച്ച സെപ്റ്റംബർ

ഗഡു തിരിച്ചടവ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഫെബ്രുവരി മാസത്തെ ബില്ല് അഡ്വാൻസ് നൽകിയതിൽ ബാക്കി തുക 2000/- തിരികെ ലഭിച്ചതിന്റെ വിശദാംശ ലഭ്യമാകാത്ത പക്ഷം പലിശ സഹിതം തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയി

## 3-14 വാർഷിക കണക്ക് തയ്യാറാക്കിയതിന് തുക അനുവദിച്ചത് ലഭ്യമാക്കേണ്ടതാണ്.

1996-97 മുതൽ 2004-2005 വരെയുള്ള നഗരസഭയുടെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാ നം വർക്ക് ഓർഡർ മോഹൻ & മോഹൻ അസ്സോസ്സിയേറ്റ്സ്, കോഴിക്കോടിന് നൽകി പ്രതിവർഷം 27500/- രൂപയും 2001-02 മുതൽ 2004-05 വരെ പ്രതിവർഷം 77500/- രൂപ പ്രക കരാർ പ്രകാരം അവസാന ഗഡുവായ 20% തുക തയ്യാറാക്കിയ വാർഷിക കണ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ശേഷം മാത്രം നൽകുന 29.03.2011-ന് വക്കീൽ നോട്ടീസ് മുഖേന 1,26,500 (കരാർ തുകയുടെ 20%) നൽകേണ്ടതിന

2013-14 സാമ്പത്തിക വർഷം ഈയിനത്തിൽ ചെക്ക് നം. 294657/ 20.06.2013 പ്രകാര വിഷയത്തിൽ താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. 1996-97 മുതൽ 2004-05 വരെയുള്ള വാർഷിക കണക്ക് ഡി.സി.ബി തയ്യാറാക്കിയ സ്ഥാപനത്തിന് നൽകേണ്ടതിൽ നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം.

2. ഫയൽ പ്രകാരം 20% തുക റീടെൻഷൻ പിടിച്ചു വെച്ചിട്ടുള്ളതിൽ യഥാക്രമം 275 (നോട്ട് ഫയൽ -17/04/13 ലെ കുറിപ്പ്) ഫണ്ട് ലഭ്യതയനുസരിച്ച് 62000 രൂപ നൽകുന്നതിന 20.06.2013-ൽ അനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരം 20.06.13-ൽ 40000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വക്കീൽ നോട്ടീസ് പ്രകാരം 1,26,500/- രൂപ നല്ക പൊരുത്തപ്പെടുന്നില്ല.

3. ഡി.സി.ബി. തയ്യാറാക്കിയതിലേക്ക് മേൽ സ്ഥാപനത്തിന് തുക അനുവദിക്കാനു ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ 2013-14 സാമ്പത്തിക വർഷം അനുവദ

## 3-15 വാടക കെട്ടിടങ്ങളുടെ സർവ്വീസ് ടാക്സ് -നഗരസഭാ ഫണ്ടിൽ

ഫയൽ നം.R4-12231/98

നഗരസഭയുടെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്നും വാടകയോടൊപ്പം അടവാക്കേണ്ട സർവ്വീസ് ടാക്സ് വരുമാനത്തിനനുസൃതമായി സെൻട്രൽ എക്സൈസിൽ അടവാക്കേണ്ട സർവ്വീസ അടവാക്കേണ്ടി വരുന്നു എന്നും 2/8/13-ൽ R4-12231/98 ഫയലിൽ രേഖപ്പെടുത്തിയിട്ടു ഇനത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും ചെലവു ചെയ്ത തുക മേൽ സ്ഥാപനങ്ങ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ത സ്വീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബി ഓഫീസ്, എൽ.ബി.എസ് സെന്റർ എന്നിവി ഇനത്തിൽ ലഭിക്കേണ്ടതായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട

## 3-16 നഗരസഭ -സ്റ്റാഫ് ക്വാർട്ടേഴ്സുകൾ-രേഖകൾ ഹാജരാക്കേണ്ട

ഫയൽ.നം.R3-4791/15

കുന്ദംകുളം നഗരസഭയുടെ അധീനതയിലുള്ള ബാച്ചിലർ ക്വാർട്ടേഴ്സിൽ 8 പേർ ഫാമിലി ക്വാർട്ടേഴ്സ് 5 എണ്ണം, മുനിസിപ്പൽ എഞ്ചിനീയറുടെ 1 കെട്ടിടം, നഗ

എന്നിങ്ങനെ റഗുലർ വിഭാഗത്തിനും, 18 റൂമുകൾ കണ്ടിജൻറ് വിഭാഗത്തിനും ഉള്ള സ്റ്റ

റഗുലർ ജീവനക്കാരുടെ മേൽ ഫയൽ പരിശോധിച്ചതിൽ ഓരോ റൂമുകളും ആർ ആരാണ് താമസിക്കുന്നതെന്നോ വ്യക്തമല്ല. ക്വാർട്ടേഴ്സിനായുള്ള ജീവനക്കാരുടെ റൂമുകൾ ഒന്നും തന്നെ ഒഴിവുകളില്ല എന്നാണ് രേഖപ്പെടുത്തി കാണുന്നത്. സ്റ്റാഫ് പറയുന്ന വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

1. 2013-14 സാമ്പത്തിക വർഷം ഈ ക്വാർട്ടേഴ്സുകളിൽ താമസിച്ച ജീവനക്കാരുടെ വിവ

2.ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ജീവനക്കാരൻറെ പേര്, എന്നു മുതൽ താമസിക്കുന്നു, ഒഴിവായ തീയ രേഖപ്പെടുത്തേണ്ടതാണ്.)

3.ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും കുറവു ചെയ്ത വീട്ടുവാടക ബത്തയുടെ വിവ

2013-14 സാമ്പത്തിക വർഷം റഗുലർ ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും കണ്ടിജൻറ് ജീവനക്കാരിൽ 11 പേരുടെ വീട്ടുവാടക ബത്തയും മാത്രമാണ് കുറച്ചിട്ടു താമസിക്കുന്ന ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ലാത്ത വീട്ടു ജീവനക്കാരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കി ഓഡിറ്റിൽ അറിയ

## 3-17 ഫയൽ ഹാജരാക്കിയിട്ടില്ല

2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റിനായി താഴെ പറയുന്ന ഫയലു എൻക്വയറി നമ്പർ - 53/ 01.10.15).

| ഫയൽ നം | വിഷയം | വൌച്ചർ നം |
|---|---|---|
| .E3-9000/13- | നഗരസഭാ ചെയർമാൻറെ വാഹനമായ KL-46A 9586, ഇൻഷുറൻസ് പ്രീമിയം അടവാക്കിയത് സംബന്ധിച്ച്. | 60-7/13 dt 27.7.13<br>(ചെക്ക് നം-29470 |
| E3-12583/13 | തെരുവുവിളക്ക് റിപ്പയർ, എം.എ വിൽസണ് നൽകിയത് | 69-9/13 dt12.9.13 |

ഫയലുകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 23,108/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 മെറ്റേർണിററി ലീവ് - അധിക ദിവസങ്ങൾ അനുവദിച്ചു

റവന്യു സെക്ഷനിൽ ജോലി ചെയ്തിരുന്ന ശ്രീമതി.സതി.പി.കെ, അനിത.ടി.കെ. രേഖപ്പെടുത്തലുകൾ പ്രകാരം ശ്രീമതി.സതി.പി.കെ(യു.ഡി.സി), 2013 മെയ് മ (എൽ.ഡി.സി.) 2013 ഏപ്രിൽ മാസം 13 മുതലും, മെറ്റേർണിററി ലീവിൽ ആണെന്ന പ്രകാരം ഈ ജീവനക്കാർക്ക് അർഹമായ ലീവ് കാലാവധി യഥാക്രമം 2013 ഒക്ടോ എന്നീ തീയതികൾ വരെയാണ്. എന്നാൽ ഇവരുടെ ഹാജർ പുസ്തകത്തിലെ രേഖപ്പെട

| സതി.പി.കെ(Basic pay-13210/-) | അനിത.ടി.കെ(Basic pay- |
|---|---|
| 5/13 to 10/13-on maternityleave | 2013 april 13 to october 13on m<br>വരെ ഹാജർ രേഖപ്പെടു |

| | |
|---|---|
| 15-10-13—1/2 ദിവസം ഹാജർ | Nov 1ന് ഹാജർ |
| 11/2013, 12/2013 ൽ on maternityleave എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.ഹാജർ രേഖപ്പെടുത്തുകയോ, അവധിയുടെ തരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. | 2/11/2013 മുതൽ 30/11/13 ( എന്ന് രേഖപ്പെടുത്തിയി രേഖപ്പെടുത്തുകയോ, ( രേഖപ്പെടുത്തുകയോ ( |

ഇക്കാലയളവിൽ അനുവദിച്ച ശമ്പളത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| സതി.പി.കെ, നവംബറിലെ ശമ്പളബിൽ | | | അനിത.ടി.കെ, ഒക്ടോ( | |
|---|---|---|---|---|
| ലീവ് പേ | ഡി.എ | എച്ച്.ആർ.എ | ലീവ് പേ | ഡി.എ |
| 6605 | 7001 | 550 | 5687.54 | 3014.71 |

ഹാജർ രേഖപ്പെടുത്തുകയോ, അവധിയുടെ തരം രേഖപ്പെടുത്തുക( അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-19 ഹാജർ പുസ്തകത്തിൽ ഒപ്പിടാതെ ശമ്പളം അനുവദിച്ചത്

റഗുലർ ജീവനക്കാരുടെ ഹാജർ പുസ്തകം പരിശോധിച്ചതിൽ സീനിയർക്ലർക( ശ്രീ.ആദർശ്.സി. ജൂലൈ 2013-ൽ 1/7/13 മുതൽ 6/7/13 വരെ ഹാജർ പുസ്തകത്തിൽ ഒപ്പ് ( ആയവ പരിശോധിച്ച് അർഹമായ ലീവുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടി( സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു. എന്നാൽ വൗച്ചർ നം.11-8/13 dt 1.8.13 പ്രകാര( 15 ദിവസത്തെ ശമ്പളം അനുവദിച്ചിട്ടുണ്ട്.

| അനുവദിച്ചത് (15 ദിവസത്തേക്ക്)Basic pay-14620 DA-7749, HRA-550 | | | | അർഹമായത് (9ദിവസത്തേക്ക്) | | |
|---|---|---|---|---|---|---|
| Pay | DA | HRA | Total | Pay | DA | HRA |
| 7074.19 | 3749.52 | 266.13 | 11089.84 | 4244.52 | 2249.59 | 159.6 |

ഇപ്രകാരം ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്ത ദിവസ( വിശദീകരണം നൽകേണ്ടതും ലീവുകൾ ക്രെഡിറ്റിൽ ഇല്ലാത്ത പക്ഷം അനർഹമ ഈടാക്കേണ്ടതുമാണ്.

## 3-20 2013-14 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശേ( പരിഹരിക്കാതെ നിൽക്കുന്ന അപാകതകൾ:

2013-14 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ താ( പരിഹരിക്കാതെ കാണുന്നു.

1) 2013-14 വർഷത്തെ നികുതി നികുതിയേതര ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി ഡിമാന്റ് കളക്ഷൻ ബാലൻസ് സംക്ഷിപ്തം തയ്യാറാക്കിയിട്ടു( ഇനങ്ങൾക്ക് മാത്രമാണ്. എന്നാൽ പ്രസ്തുത ഇനങ്ങളുടെ ഡി.സി.ബി. വാർഷിക ക( മാത്രമല്ല ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല കുടിശ്ശിക ഡിമാന്റ് ഉൾപ്പെടെ ഇപ്രകാരം സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

2) ബാലൻസ് ഷീറ്റിൽ Asset side ൽ Sundry Debtors Receivable ആയി കാണിച്ച തുകകൾ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4) മുൻകൂറുകൾക്ക് പൊതുവായ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. നിലവിലുള്ള സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 3-21 സെക്രട്ടറിയുടെ പദ്ധതികളിലെ അപാകതകൾ

2013-14 വർഷത്തിൽ കുന്നംകുളം നഗര സഭയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗ പദ്ധതികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

a) പ്രോജക്ട് നം.sooo5/2013-14. ശുചിത്വ കിണർ(സ്പിൽ ഓവർ)

ട്രഷറി ബിൽ നം.7/2013-14. തി.8.11.2013. 107500/

ട്രഷറി ബിൽ നം.12/2013-14. തി.14.2.2014. 167500/

ട്രഷറി ബിൽ നം.16/2013-14. തി 27.3.2014. 5000/

1.ട്രഷറി ബില്ലിന്റെ പകർപ്പ്,ബന്ധപ്പെട്ട പ്രോജക്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാ

ഹാജരാക്കിയ രേഖകളിലെ സ്റ്റേറ്റ്മെന്റ് പ്രകാരം ട്രഷറിബിൽ നം.7/2013-14.പ്രകാരം ഗഡു നൽകുന്നതിനും(21*2500=52500/) 22 പേർക്ക് 2500/ രൂപ വീതം രണ്ടാം ഗഡു ന പിൻവലിച്ചിട്ടുള്ളത്. ട്രഷറി ബിൽ നം.12/2013-14 പ്രകാരം 65പേർക്ക് 2500/ രൂപ വീ 2പേർക്ക് ഒന്നാം ഗഡു നൽകുന്നതിനും (65*2500=162500, 2*2500=5000/-) ആണ് തുക പിൻ

ട്രഷറി ബിൽ നം.16/2013-14 പ്രകാരം പിൻവലിച്ചിട്ടുള്ള 5000/ രൂപയുടെ ചെ ഹാജരാക്കിയിട്ടില്ല. ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ കൈപറ്റ് രശീ വിതരണ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ രേഖകളോടെ (എം.എസ്.) 248/2012.തി.29.9.2012 ഖണ്ഡിക 3.5-3 പ്രകാരം ബന്ധപ്പെട്ട എഞ്ചിനിയർ/ഓ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വാല്യൂവേഷൻ ന ഹാജരാക്കേണ്ടതാണ്.

b)പ്രോജക്ട്നം.so278/2013-14.

പദ്ധ തി രൂപീകരണം,നിർവ്വഹണം,മോണിട്ടറിംഗ്,

ട്രഷറി ബിൽ നം.2/2013-14 തി. 7.11.13 74000/-

ട്രഷറി ബിൽ നം.15/2013-14 തി. 27.3.14. 7855/-

ട്രഷറി ബിൽ നം.17/2013-14 തി.27.3.14. 37000/-

പ്രോജക്ട്, ട്രഷറി ബില്ലിന്റെ പകർപ്പ്,ചെലവ് രേഖകൾ എന്നിവ പരിശോധന ഹാജരാക്കാത്തതിനാൽ ചെലവ് തുക 118855/- രൂപ തടസ്സപ്പെടുത്തുന്നു.

c) പ്രോജക്ട്നം.so332/2013-14. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി/ടെലഫോ

ട്രഷറി ബിൽ നം.1/2013-14.തി. 9.10.13, 275537/

ട്രഷറി ബിൽ നം.8/2013-14. തി.10.12.13, 30308/

ട്രഷറി ബിൽ നം.14/2013-14. തി. 14.2.2013, 32343/

മേൽ ട്രഷറി ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകൾ കൈമാറി കിട്ടിയ വി ടെലഫോൺ ചാർജ്ജ് എന്നിവ അടവാക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. എന്ന പേരിലുള്ള വൈദ്യുതി/ടെലഫോൺ ബില്ലുകൾ,രശീതുകൾ എന്നിവ പരിശോധനയ്ക പ്രകാരം തുക നൽകിയ സ്ഥാപനങ്ങളുടെ ബില്ലുകൾ, രശീതുകൾ എന്നിവ പരിശേ ചെലവ് തുക 338188/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

d)പ്രോജക്ട് നം.so334/2013-14. തുടർ സാക്ഷരത പഠിതാക്കളുടെ ഫീസ് നല്കൽ.

ട്രഷറി ബിൽ നം.6/2013-14 തി. 8.11.2013, 6000/-

മേൽ പ്രോജക്ടിന്റെ പരിശോധനയ്ക്കായി ബന്ധപ്പെട്ട പ്രോജക്ട് ,ട്രഷറി ബില്ലിന്റെ തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. .ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത

e) പ്രോജക്ട് നം.so367/2013-14. കേരള സാമൂഹ്യ സുരക്ഷ മിഷൻ പ്രവർത്തനങ്ങൾക്ക് സ

ട്രഷറി ബിൽ നം.18./2013-14 തി.31.3.2014, 500000/-

ഡി.ഡി. നം. 639743.തി.4.4.2014.

മേൽ ട്രഷറി ബിൽ വഴി പിൻവലിച്ച തുക ഡി.ഡി. നം. 639743.തി.4.4.2014.പ്രകാര സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.എന്നാൽ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ഓ

## 3-22 താലൂക്ക് ആശുപത്രിക്ക് ഫർണിച്ചർ, മെഡിക്കൽ ഉപകരണ അപാകതകൾ

പ്രോജക്ട് നം:333/13-14

അടങ്കൽ : 25 ലക്ഷം

ബിൽ നം1/13-14, തി. 28-3-14, 25ലക്ഷം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കുന്നംകു

താലൂക്ക് ആശുപത്രിയിൽ സേവനം മെച്ചപ്പെടുത്തുന്നതിനായി ഫർണിച്ചർ, കം ആശുപത്രി സേവന സാമഗ്രികൾ എന്നിവ വാങ്ങലാണ് മേൽ പറഞ്ഞ പ്രോജക്ടിലുള അപാകതകൾ താഴെ പറയുന്നു:

1. വാങ്ങിയ ഇനങ്ങളിലൊന്നായ 'ഫുള്ളി ആട്ടോ അനലൈസർ മോഡ കൊടുത്തിട്ടുള്ളതും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 22-3-14ന് സ്റ്റോക്കിലെടുത്തിട്ടുള്ള കാലതാമസം കാരണം ഈ ഉപകരണം ലഭ്യമായി മാസങ്ങൾ കഴിഞ്ഞിട്ടും സ്ഥ സൂപ്രണ്ടിന്റെ 25-11-14ലെ സി.1669/13-ാം നമ്പർ കത്തിൽ പറയുന്നു. ലഭ്യമായ സജ്ജമാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ നുള്ള മറുപടിയിൽ 2015 ആഗസ്റ്റ് മുതലേ പ്രസ്തുത യന്ത്രം പ്രവർത്തന ക്ഷമമാക്കി

2. ഉപകരണം സ്റ്റോക്കിലെടുത്തിട്ടും ആയതു സ്ഥാപിക്കാൻ 1 വർഷത്ത സ്ഥാപിക്കലുമായി ബന്ധപ്പെട്ട് കരാർ ചമയ്ക്കാതിരുന്നത് എന്നിവ സംബന്ധ ലഭ്യമാക്കേണ്ടതാണ്.

3. വിതരണ ഏജൻസിയായ ട്രാൻസ് ഏഷ്യ ബയോ മെഡിക്കൽസ് ടി ഉപക ചെലവുകളുമടക്കം 11,77,074/- രൂപയ്ക്കാണ് കോട്ടയം മെഡിക്കൽ കോളേ ചെയ്തിട്ടുള്ളത്. (ഇ5-20803/1/2013/MCK/12-14). ടി ഏജൻസിയിൽ നിന്നും ര മുനിസിപ്പാലിറ്റിക്ക് അധിക തുകയായ 11,95,118/- രൂപയ്ക്കാണ് വിതരണം ചെയ്തത് നല്കിയതിനേക്കാൾ കൂടിയ നിരക്കിൽ ഉപകരണം വാങ്ങാനുണ്ടായ സാഹചര്യം വ

## 3-23 പ്രോജക്ട് ഓഫീസർ യു.പി.എ.സി. നടപ്പിലാക്കിയ പദ്ധതിക

2013-14 വർഷത്തിൽ കുന്നംകുളം നഗരസഭയിൽ പ്രോജക്ട് ഓഫീസർ യു.പി.എ താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) പ്രോജക്ട് നം. so177/2013-14 വിധവകൾക്ക് ഭവനത്തിനായി ഭൂമി വാങ്ങൽ (sc)

ട്രഷറി ബിൽ നം.32/2013-14 തി.31,3.2014. 200000/-

വിധവകൾക്ക് ഭവനത്തിനായി ഭൂമി വാങ്ങൽ (sc) എന്ന പദ്ധതിയിൽ മേൽ ട്രഷ പാട്ടത്തയിൽ, വടുതല എന്ന വ്യക്തിയ്ക്ക് നല്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. പരിശോധിച്ചതിൽ പട്ടിക ജാതിയിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന രേഖകൾ, പ നിന്നും ഇതേ ആവശ്യത്തിന് തുക കൈപ്പറ്റിയിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ്, ആ പകർപ്പ്, സ്ഥലം വില്പന നടത്തിയ ആളുടെ കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവു ചെയ്ത തുക 200000/- തടസ്സപ്പെടുത്തു

b) പ്രോജക്ട് നം.so176/2013-14 ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ (sc)

ട്രഷറി ബിൽ നം.24/2013/14 തി.19.3.14, 400000/-

ട്രഷറി ബിൽ നം30/2013-14. തി.31.3.14, 800000/-

ട്രഷറി ബിൽ നം.31/2013-14. തി.31.3.14, 400000/-

മേൽ ട്രഷറി ബില്ലുകൾ പ്രകാരം 8 ഗുണഭോക്താക്കൾക്ക് 200000/- ( നൽകുന്നതിനാണ് തുക പിൻവലിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന 3 ഗുണഭോ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കൈപ്പറ്റ് രശീത് എന്നിവ ഹാജ പ്രകാരം പിൻവലിച്ച തുകകൾ സ്ഥലം വില്പന നടത്തിയവർക്ക് നൽകിയിട്ടുള്ളതിന് ഏത് ഗുണഭോക്താവിന് വേണ്ടിയാണ് തുക നല്കിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഗു കൊടുക്കുന്നു.

1) ദിവ്യ സഞ്ജയ്, മുത്താളി വീട്, ആലത്തൂർ കുന്നംകുളം.

2) സന്ധ്യ സുനിൽകുമാർ, തെക്കേപുറത്ത്, കുറുക്കൻപാറ

3) വിനിഷ പ്രമോദ്കുമാർ, മുത്താളി, ചിറ്റഞ്ഞൂർ

വിതരണ രജിസ്റ്ററിൽ ടീയാളുകളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മു പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മുകളിൽ പറഞ അനുവദിച്ച 600000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

c) പ്രോജക്റ്റ് നം.so179/2013-14 ഭിന്നശേഷിയുള്ളവർക്ക് ഭവന പുനരുദ്ധാരണം.

ട്രഷറി ബിൽ നം.1/2013-14 തി.30.10.2013. 225000/-

ട്രഷറി ബിൽ നം.9/2013-14 തി.10.1.2014. 25000/-

ട്രഷറി ബിൽ നം.17/2013-14 തി.14.3.2014. 25000/-

ട്രഷറി ബിൽ നം.33/2013-14 തി.31.3.2014. 62500/-

